കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : SUNIL JOHN J)

കോളേജ് വിദ്യാഭ്യാസ വകുപ്പ് - അധ്യാപക ജീവനക്കാര്യം - സംസ്കൃത (ന്യായ) 2026 - 2027 പൊതു സ്ഥലം മാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ : DCETVM/4266/2026-B4 തീയതി : 10-08-2026

പരാമർശം:-1. 12.03.2026 തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 189/2026/HEDN നമ്പർ സർക്കാർ ഉത്തരവ്.

2. ഈ ഓഫീസിലെ 09.05.2026 തീയതിയിലെ DCETVM/803/2025-B2 നമ്പർ സർക്കുലർ.

3. ഈ ഓഫീസിലെ 03.07.2026 ലെ DCETVM/4266/2026-B4 നമ്പർ കരട് പട്ടിക

ഉത്തരവ്

സർക്കാർ കോളേജുകളിലെ സംസ്കൃത (ന്യായ) വിഭാഗം അദ്ധ്യാപകരുടെ 2026-2027 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 3 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് 18.07.2026 തീയതിക്കകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. സംസ്കൃത (ന്യായ) വിഭാഗത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം സർക്കാർ കോളേജ് സംസ്കൃത (ന്യായ) വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

ക്രമ നം.	പേര്, PEN, ജോലി ചെയ്യുന്ന സ്ഥാപനം	സ്ഥലമാറ്റി നിയമിക്കുന്ന സ്ഥാപനം.
1.	**ശ്രീമതി. ലേഖ വി. എൻ.** PEN 658494 ഗവൺമെൻറ് ആയുർവ്വേദ കോളേജ് തൃപ്പൂണിത്തുറ. (ഓപ്ഷൻ)	ഗവൺമെൻറ് സംസ്കൃത കോളേജ് തൃപ്പൂണിത്തുറ (ശ്രീമതി പ്രിയ എം. പി. -യ്ക്ക് സ്ഥലമാറ്റം നൽകിയ ഒഴിവ്)
2.	**ശ്രീമതി പ്രിയ എം. പി.** PEN 761009 ഗവൺമെൻറ് സംസ്കൃത കോളേജ് തൃപ്പൂണിത്തുറ (നിർബന്ധിതം)	ഗവൺമെൻറ് ആയുർവ്വേദ കോളേജ് തൃപ്പൂണിത്തുറ. (ശ്രീമതി ലേഖ വി. എൻ. -ന് സ്ഥലമാറ്റം നൽകിയ ഒഴിവ്)

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

SUNIL JOHN J.
ADDITIONAL DIRECTOR

Digitally signed by SUNIL JOHN J
Date: 10-08-2026 10:56:06

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ് :-

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
2. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്.
3. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്.
4. സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
5. എ / ബി സെക്ഷൻ സൂപ്രണ്ട്
6. അക്കൗണ്ടന്റ് ജനറൽ എ & ഇ തിരുവനന്തപുരം.